(എ) കേരള സംസ്ഥാന ശിശുക്ഷേമ സമിതി, 2000-2001 മുതൽ 2004-2005 വരെയുള്ള ഓരോ വർഷവും ഏതൊക്കെ ജില്ലാ ശിശുക്ഷേമ സമിതികൾക്ക് എത്ര തുക വീതം ധനസഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഐ.സി.സി.ഡബ്ല്യു-ൽ നിന്ന് സംസ്ഥാന ശിശുക്ഷേമ സമിതിക്ക് എത്ര തുക വീതം ഗ്രാന്റ് ലഭിച്ചിട്ടുണ്ടെന്നും മറ്റ് ഇനങ്ങളിലെല്ലാംകൂടി ശിശുക്ഷേമ സമിതിയുടെ മൊത്തവരുമാനം എത്ര വീതമായിരുന്നു എന്നും അറിയിക്കാമോ;

(സി) 2004-2005 വർഷത്തെ സമിതിയുടെ വാർഷിക ബജറ്റ് പ്രകാരം പ്രതീക്ഷിച്ച ചെലവും വരവും എത്രവീതമാണെന്നും ഈ ബജറ്റ് അംഗീകരിക്കുന്നതിനായി നിയമപ്രകാരം ജനറൽബോഡി ചേരുകയുണ്ടായോ എന്നും അറിയിക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രസ്തുത വർഷം ഐ.സി.സി.ഡബ്ല്യു.-ൽ നിന്നും ലഭിച്ച ഗ്രാന്റ് 52,14,140 രൂപയാണ്. മറ്റ് ഇനങ്ങളിലെല്ലാം കൂടി സമിതിക്ക് ലഭിച്ച മൊത്ത വരുമാനം 5,75,92,274 രൂപയാണ്.

(സി) 2004-2005 വർഷത്തെ സമിതിയുടെ വാർഷിക ബജറ്റ് സമിതിയുടെ നിയമാവലിപ്രകാരം അന്നത്തെ ഭരണ സമിതി 31-3-2004-ന് മുൻപ് തയ്യാറാക്കി ജനറൽബോഡി വിളിച്ചുകൂട്ടി പാസ്സാക്കേണ്ടതായിരുന്നു. എന്നാൽ ഭരണസമിതി ഇത് ചെയ്യുകയുണ്ടായില്ല.

സീനിയർ സിറ്റിസൺസിനുവേണ്ടി ക്ഷേമ പദ്ധതികൾ

35 [3478] *ശ്രീ. കെ. അച്ചുതൻ:*
,, എൻ. ഡി. അപ്പച്ചൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് എത്ര സീനിയർ സിറ്റിസൺസ് ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു;

(ബി) സീനിയർ സിറ്റിസൺസിനുവേണ്ടി ഒരു നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സീനിയർ സിറ്റിസൺസിന് എന്തെല്ലാം ക്ഷേമ പദ്ധതികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു; പ്രസ്തുത പദ്ധതികൾ എന്നുമുതൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം കേരളത്തിൽ 33,35,675 മുതിർന്ന പൗരൻമാരുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) വൃദ്ധനയം പ്രഖ്യാപിച്ചതിനുശേഷം അതിൻപ്രകാരമുള്ള പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

വനിതാ കമ്മീഷന്റെ പ്രവർത്തനം

36 [3479] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
ഡോ. തോമസ് ഐസക്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനിതകളുടെ പദവി ഉയർത്തുന്നതിലും അവർക്കെതിരെയുള്ള കടന്നാക്രമണങ്ങൾ ലഘൂകരിക്കുന്നതിലും കേരള വനിതാകമ്മീഷന്റെ ഇപ്പോഴത്തെ പ്രവർത്തനം എത്രത്തോളം സഹായമാകുന്നുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വനിതാ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly